ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

YEARS OF CELEBRATING THE MAHATMA

റഫ. നം. 12404 തീയതി : 19/09/2023

## സർക്കുലർ നമ്പർ 40/2023 (BD)

വിഷയം : കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി - ബ്രാഞ്ചുകൾക്കും മേഖല ഓഫീസുകൾക്കുമായുള്ള നിർദ്ദേശങ്ങൾ പുതുക്കുന്നത് സംബന്ധിച്ച്.

സൂചന : (1) സർക്കുലർ നമ്പർ 52/2018 (BD) dated 13/12/2018.
(2) സർക്കുലർ നമ്പർ 02/2021 (BD) dated 11/01/2021.
(3) സർക്കുലർ നമ്പർ 83/2021 (BD) dated 22/10/2021.

****

മേൽ സൂചനകളിൽ കാണിച്ചിരിക്കുന്ന സർക്കുലറുകളിലൂടെ ശാഖകൾ പ്രവാസി ചിട്ടിക്ക് വേണ്ടി നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിൽ താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ഈ സർക്കുലർ തീയതി മുതൽ നടപ്പിൽ വരുത്തേണ്ടതാണ്.

പ്രവാസി ചിട്ടിയുടെ ജാമ്യം സ്വീകരിക്കുന്നതും, ജാമ്യം വിട്ടുതൽ ചെയ്യുന്നതും ശാഖയുടെ പൂർണ്ണമായ ഉത്തരവാദിത്വത്തിൽ ആണല്ലോ നടക്കുന്നത്. എന്നാൽ ജാമ്യ വിട്ടുതൽ സംബന്ധിച്ച് ബ്രാഞ്ചുകൾ DDFS- ൽ ചെയ്യേണ്ടതായ സെക്യൂരിറ്റി റിലീസിംഗ് പ്രക്രിയ ജാമ്യ വിട്ടുതൽ ചെയ്യുന്ന ദിവസം തന്നെ DDFS - ൽ ചെയ്യേണ്ടതാണ്. നിർഭാഗ്യവശാൽ പല ബ്രാഞ്ചുകളും ഈ പ്രക്രിയ പൂർത്തിയാക്കാതെ ജാമ്യവിട്ടുതൽ ചെയ്യുന്നതായി കാണുന്നു. ഇതുകാരണം പ്രവാസി ഇടപാടുകാർക്ക് ഭാവിയിൽ ചെയ്യേണ്ടി വരുന്ന ചേഞ്ച് ഓഫ് സെക്യൂരിറ്റി, റിലീസ് ഓഫ് സെക്യൂരിറ്റി, ഫിക്സഡ് ഡെപ്പോസിറ്റ് ക്ലോസിങ് തുടങ്ങിയവയുള്ള റിക്വസ്റ്റ് ഓൺലൈൻ ആയി സമർപ്പിക്കാൻ സാധിക്കാതെ വരുകയും, ഇതിനെത്തുടർന്ന് നിരവധി പരാതികൾ ലഭിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്.

സ്വർണ്ണം ജാമ്യമായി സ്വീകരിച്ച ചിട്ടികളിൽ മേൽബാധ്യത കുറയുന്നതിന് അനുസരിച്ച് പാർഷ്യൽ റിഡെംപ്ഷൻ അനുവദിക്കാവുന്നതാണ്. ഇതിനു പ്രവാസി കസ്റ്റമർ ചേഞ്ച് ഓഫ് സെക്യൂരിറ്റി റിക്വസ്റ്റ് ഇടുകയും ബ്രാഞ്ചിൽ ഇനിയുള്ള ബാധ്യതയ്ക്ക് ആവശ്യമായ സ്വർണ്ണം പുതിയ ഒരു സെക്യൂരിറ്റി ആയി DDFS - ൽ ചെയ്യുകയും വേണം. അതിനു ശേഷം Digital Business Centre- ൽ നിന്നും അപ്പ്രൂവൽ ചെയ്യുന്നതോടെ ചേഞ്ച് ചെയ്ത സെക്യൂരിറ്റിയുടെ റിലീസ് നടപടികൾ DDFS- ൽ പൂർത്തിയാക്കേണ്ടതാണ്.

പ്രവാസി ഇടപാടുകാരുടെ ഒരു ചിട്ടി കാലാവധി കഴിയുമ്പോഴോ, നിലവിലുള്ള ജാമ്യ വസ്തു മാറ്റി പകരം ജാമ്യം സ്വീകരിച്ച ശേഷമോ ഇടപാടുകാർ ഓൺലൈൻ ആയി റിലീസ് റിക്വസ്റ്റ് നല്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ലഭിക്കുന്ന റിക്വസ്റ്റ് ഡിജിറ്റൽ ബിസിനസ്സ് സെന്ററിൽ പരിശോധിച്ച് ഈ റിക്വസ്റ്റ് അംഗീകരിക്കുന്നു. തുടർന്ന് ഇതു സംബന്ധിച്ച് ഒരു റിലീസ് സർട്ടിഫിക്കറ്റ് ജാമ്യവസ്തു നൽകിയിട്ടുള്ള ശാഖയിലെ മാനേജരുടെ DDFSലോഗിനിൽ ലഭിക്കുന്നു. കൂടാതെ ഒരു ഇമെയിൽ സന്ദേശവും ലഭിക്കുന്നു. ഏതെങ്കിലും കാരണവശാൽ ഇമെയിൽ സന്ദേശം ലഭിക്കാത്ത സാഹചര്യത്തിൽ മാനേജരുടെ ലോഗിനിൽ ഉള്ള റിലീസ് റിക്വസ്റ്റിൽ ഒരു റിലീസ് സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്ത് ഇമെയിലിന് പകരമായി ഉപയോഗിച്ചുകൊണ്ട് താഴെ പറയുന്ന രീതിയിൽ റിലീസ് നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

a) **മാനേജർ DDFS -ൽ ലോഗിൻ ചെയ്യുക.**

Menu - വിന് മുകളിലായി RELEASE REQUEST ക്ലിക്ക് ചെയ്യുക. റിലീസ് ചെയ്യേണ്ടതായ ചിട്ടി അവിടെ കാണാൻ സാധിക്കും. ഒരു ചിട്ടി വരിക്കാരൻ ബ്രാഞ്ചിൽ ജാമ്യമായി നൽകിയിട്ടുള്ള സെക്യൂരിറ്റിയെ റിലീസ് ചെയ്യാൻ അനുവദിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഇവിടെ നിന്നും ലഭിക്കുന്നതാണ്. ഈ സർട്ടിഫിക്കറ്റ് സേവ് ചെയ്യുകയോ PRINT എടുക്കുകയോ ചെയ്യാം. അതിനു ശേഷം INITIATE ക്ലിക്ക് ചെയ്യുക.

b) **അസിസ്റ്റന്റ് മാനേജർ ലോഗിൻ ചെയ്യുക.**

QUEUES - ൽ Release Security Process ൽ Request Pending-ൽ ഈ ഫയൽ വന്നിട്ടുണ്ടാകും. അത് ക്ലിക്ക് ചെയ്യുക. Request for sanction ക്ലിക്ക് ചെയ്യുക.

c) **മാനേജർ ലോഗിൻ ചെയ്യുക.**

QUEUES - ൽ Release Security Process ൽ Sanction Pending -ൽ ഫയൽ എടുക്കുക. Submit ക്ലിക്ക് ചെയ്യുക. Approve Release ക്ലിക്ക് ചെയ്യുക.

d) **ASSISTANT മാനേജർ ലോഗിൻ ചെയുക.**

Queues -ൽ Release Security Process ൽ Sanction completed -ൽ ഫയൽ എടുക്കുക. Complete ക്ലിക്ക് ചെയുക. വരിക്കാരനോ ജാമ്യക്കാരനോ സെക്യൂരിറ്റി കൈപ്പറ്റുന്ന സമയത്ത് ഒപ്പിട്ട് നൽകുന്ന രസീത് അറ്റാച്ച് ചെയ്യുക. Proceed ക്ലിക്ക് ചെയ്യുക.

**NOTE :** എന്തെങ്കിലും ERROR വരികയാണെങ്കിൽ REFRESHബട്ടൺ അമർത്തുക. വീണ്ടും COMPLETE ക്ലിക്ക് ചെയ്യുക . COMMENT ടൈപ്പ് ചെയ്യുക. PROCEED ചെയ്യുക.

വിശ്വസ്തതയോടെ,

കെ.എസ്.എഫ്.ഇ യ്ക്ക് വേണ്ടി



**ഡോ. സനിൽ.എസ്.കെ**
**മാനേജിങ് ഡയറക്ടർ**

**To: എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

**1. എല്ലാ മേഖല ഓഫീസുകൾക്കും**
**2. MD യുടെ PA**
**3.എല്ലാ SDT ഓഫീസുകൾക്കും**
**4. എല്ലാ IAD ടീമുകൾക്കും / പ്രിവെന്റീവ് വിജിലൻസ് സ്ക്വാർഡുകൾക്കും**
**5. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾ ക്കും**
**6. സർക്കുലർ ഫയൽ**